(ബി) സാങ്കേതികാനുമതി നൽകിയിട്ടില്ല. ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തിൽനിന്നും ലഭിച്ചിട്ടില്ല. സ്ഥലം കൈമാറ്റം ചെയ്യുകിട്ടുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതാണ്.

(സി) പഞ്ചായത്തിൽനിന്നും ജല അതോറിറ്റിക്ക് സ്ഥലം കൈമാറിയ ശേഷം എസ്റ്റിമേറ്റ് വീണ്ടും തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ജലസേചന പദ്ധതികൾ

153 (845) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചനവകുപ്പിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് തരംതിരിച്ച് വിശദമാക്കാമോ ;

(സി) ഓരോ പദ്ധതിയും നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്ന പദ്ധതി

154 (846) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ചെക്ക് ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്. ഇവയുടെ പണി പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) നദികളിലെയും മറ്റു നീർച്ചാലുകളിലേയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷസമയത്തു ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജല വിതരണം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതിക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ചില പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് ചെയ്യാറുണ്ട്.

(ഡി) നദികളിലെയും മറ്റു നീർച്ചാലുകളിലേയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്തു ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജല വിതരണം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് വരൾച്ച പ്രതിരോധിക്കുന്നതിന് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ജലസേചന പദ്ധതികൾ

155 (847) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ;

(ബി) അവയിൽ മുൻസർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) സമയബന്ധിതമായി ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly